പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1936 — 10.03.2020 -ൽ മറുപടിക്ക്

## കൊട്ടാരക്കര താലൂക്കിലെ റേഷൻ ഗോഡൗണുകൾ

| ചോദ്യം<br>**ശ്രീമതി.പി. അയിഷാ പോറ്റി** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻ സാധനങ്ങൾ സൂക്ഷിക്കാൻ കൊട്ടാരക്കര താലൂക്കിൽ എത്ര ഗോഡൗണുകൾ ഉണ്ട്; ഇവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി കൊട്ടാരക്കര താലൂക്കിന്റെ കീഴിൽ കൊട്ടാരക്കര, കടയ്ക്കൽ എന്നിങ്ങനെ രണ്ട് പി.ഡി.എസ് ഡിപ്പോകളാണ് ഉള്ളത്. കൊട്ടാരക്കര പി.ഡി.എസ് ഡിപ്പോയുടെ കീഴിൽ ഏഴ് ഗോഡൗണുകളും കടയ്ക്കൽ പി.ഡി.എസ് ഡിപ്പോയുടെ കീഴിൽ രണ്ട് ഗോഡൗണുകളും ഉണ്ട്. കൊട്ടാരക്കര പി.ഡി.എസ് ഡിപ്പോയുടെ ഗോഡൗണുകൾ സ്ഥിതി ചെയ്യുന്നത് പുലമൺ, അവണൂർ, തൃക്കണ്ണമംഗൽ, ഗണപതിയമ്പലം, സമൃദ്ര, ഗോവിന്ദമംഗലം, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലും കടയ്ക്കൽ പി.ഡി.എസ് ഡിപ്പോയുടെ ഗോഡൗണുകൾ അഞ്ചുമുക്ക്, പള്ളിമുക്ക് എന്നിവിടങ്ങളിലുമാണ്. |
| (ബി) ഓരോ ഗോഡൗണുകളുടെയും ചുമതലയുള്ള ജീവനക്കാരുടെ തസ്തികയും എണ്ണവും വെളിപ്പെടുത്തുമോ ; | (ബി) കൊട്ടാരക്കര പി.ഡി.എസ് ഡിപ്പോയിൽ 5 ജീവനക്കാരാണുള്ളത്. കൊട്ടാരക്കര പി.ഡി.എസ് ഡിപ്പോയിലെ 7 ഗോഡൗണുകളുടെയും ഓഫീസർ ഇൻ ചാർജ്ജ് സീനിയർ അസിസ്റ്റന്റ്-I ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| സീനിയർ അസിസ്റ്റന്റ്-I (ഓഫീസർ ഇൻ ചാർജ്) | 1 |
| ജൂനിയർ അസിസ്റ്റന്റ് | 3 |
| അസിസ്റ്റന്റ് സെയിൽസ് മാൻ | 1 |

കടയ്ക്കൽ പി.ഡി.എസ് ഡിപ്പോയുടെ കീഴിൽ 3 ജീവനക്കാരാണ് ഉള്ളത്. കടയ്ക്കൽ പി.ഡി.എസ് ഡിപ്പോയിലെ രണ്ട് ഗോഡൗണിനും കൂടി ഒരു ഓഫീസർ ഇൻ ചാർജ്ജും ഒരു സ്റ്റോക്ക് കസ്റ്റോഡിയനുമായി ആകെ 2 ജൂനിയർ അസിസ്റ്റന്റുമാരാണ് ചാർജ്ജ് വഹിക്കുന്നത്.

| | |
|---|---|
| ജൂനിയർ അസിസ്റ്റന്റ് | 2 |
| അസിസ്റ്റന്റ് സെയിൽസ് മാൻ | 1 |

ടി ജീവനക്കാർക്ക് മൊത്തമായാണ് എല്ലാ ഗോഡൗണുകളിലെയും ചുമതല നല്കിയിട്ടുള്ളത്.

| | |
|---|---|
| (സി) ഓരോ ഗോഡൗണിലും ശരാശരി എത്ര അളവിൽ ഭക്ഷ്യധാന്യം കൈകാര്യം ചെയ്യുന്നുവെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ; | (സി) കൊട്ടാരക്കര ഡിപ്പോയിൽ 116 ലോഡ് ഭക്ഷ്യധാന്യം പ്രതിമാസം വിതരണത്തിനായി വേണ്ടി വരും. എന്നാൽ 200 ലോഡ് ഭക്ഷ്യധാന്യം ഇപ്പോൾ ഗോഡൗണുകളിൽ സ്റ്റോക്കുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| പുലമൺ | 37 ലോഡ് |
| അവണ്ണൂർ | 28 ലോഡ് |
| തൃക്കണ്ണമംഗൽ | 25 ലോഡ് |
| സമുദ്ര | 23 ലോഡ് |
| ഗോവിന്ദമംഗലം | 56 ലോഡ് |
| ഗണപതിയമ്പലം | 09 ലോഡ് |
| റെയിൽവേ സ്റ്റേഷൻ | 22 ലോഡ് |

കടയ്ക്കൽ ഡിപ്പോയിൽ 60 ലോഡ് ഭക്ഷ്യധാന്യം പ്രതിമാസം വിതരണത്തിനായി വേണ്ടി വരും. 65 ലോഡ് ഭക്ഷ്യധാന്യം ഇപ്പോൾ ഗോഡൗണുകളിൽ സ്റ്റോക്കുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അഞ്ചുമുക്ക് | 40 ലോഡ് |
| പള്ളിമുക്ക് | 25 ലോഡ് |

| | |
|---|---|
| (ഡി) ഗോഡൗണുകളിലേക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് ഗോഡൗണിൽ രേഖപ്പെടുത്തുന്നുണ്ടോയെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ ? | (ഡി) ഗോഡൗണുകളിലേയ്ക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് സ്റ്റോക്ക് രജിസ്റ്ററിലും, എസ്.സി.എം.എസ്, ഡി.എം.എസ് സോഫ്റ്റ്‌വെയറുകളിലും യഥാസമയം രേഖപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ